**ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**ഹൗസിംങ് ബോർഡ് ബിൽഡിംങ്, ശാന്തി നഗർ, തിരുവനന്തപുരം**

വിഷയം : ഹ.സെ.വി. - ജീവനക്കാര്യം - തെരഞ്ഞെടുത്ത ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകരെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷനിൽ വർക്കിംങ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മാസ്റ്റർ ട്രെയിനർമാരായി നിയോഗിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നമ്പർ.എസിഡി.എസ്പിസി(4)/119457/2018/എച്ച്എസ്ഇ** **തീയതി: 01/08/2018**

പരാമർശം: 1. സ.ഉ.(സാധാ) നമ്പർ.3732/16/പൊ.വി.വ. തീയതി 07/11/2016.
2. ഐ.ടി.@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14/07/2017 ലെ ഐ.ടി.എസ്./2017/ 1235(14) നമ്പർ കുറിപ്പും അതിൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ 17/07/2017 ലെ ഉത്തരവും.
3. കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27/06/2018 ലെ കൈറ്റ്/2018/1235(21) നമ്പർ കുറിപ്പ്.

## ഉത്തരവ്

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതി ഹയർ സെക്കൻഡറി തലത്തിലും നടപ്പിലാക്കുന്നതിന് പരാമർശത്തിലെ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഹയർ സെക്കൻഡറി മേഖലയിലെ ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണെന്ന് പരാമർശം 2 പ്രകാരം പൊതുവിദ്യാഭ്യാസ സെക്രട്ടറി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും പ്രായോഗിക പരീക്ഷയും അഭിമുഖവും നടത്തി യോഗ്യത നേടിയ അധ്യാപകരെ മാസ്റ്റർ ട്രെയിനർമാരായി നിയോഗിക്കുന്നതിനും പരാമർശം 3 പ്രകാരം കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയിലെ അധ്യാപകരെ കൈറ്റിൽ മാസ്റ്റർ ട്രെയിനർമാരായി വർക്കിംങ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയോഗിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന അധ്യാപകരെ മാസ്റ്റർ ട്രെയിനർമാരായി KITE-ന്റെ പ്രവർത്തനങ്ങൾക്ക് നിയോഗിക്കുന്നതിനും മാസ്റ്റർ ട്രെയിനർമാരുടെ പ്രവർത്തനങ്ങൾ അതത് കാലയളവിൽ നിർദ്ദേശിക്കുന്നതിനും കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. കൈറ്റിൽ നിലവിൽ പ്രവർത്തിക്കുന്ന മാസ്റ്റർ ട്രെയിനർമാർക്ക് ബാധകമായ എല്ലാ നിയമങ്ങളും സേവന-വേതന വ്യവസ്ഥകളും ഈ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്നവർക്കും ബാധകമാണ്.

. . .2/

| ക്രമ നം. | പേര് | ഗവ: സ്കൂൾ വിലാസം |
|---|---|---|
| 1 | ശ്രീമതി. രോഹിണി.വി.ആർ. | ജി.ജി.എച്ച്.എസ്.എസ്., ആറ്റിങ്ങൽ |
| 2 | ശ്രീ. ശ്രീനിവാസൻ.എസ്. | ജി.എച്ച്.എസ്.എസ്., വാക്കനാട് |
| 3 | ശ്രീ. മനു മാത്യു | ജി.എച്ച്.എസ്.എസ്., തോട്ടക്കോണം, പത്തനംതിട്ട |
| 4 | ശ്രീ. തോമസ് എം.ഡേവിഡ് | ജി.എച്ച്.എസ്.എസ്., ഓമല്ലൂർ, പത്തനംതിട്ട |
| 5 | ശ്രീ. സജിമോൻ.പി.എൻ. | ജി.എച്ച്.എസ്.എസ്., കുഞ്ഞോം, വയനാട് |
| 6 | ശ്രീ. രാജേഷ്.ടി.ജി. | ജി.എച്ച്.എസ്.എസ്., കടമാക്കുടി, എറണാകുളം |
| 7 | ശ്രീ. അനിൽകുമാർ.കെ.കെ. | ഗവ: മോഡൽ എച്ച്.എസ്.എസ്., കുന്നംകുളം, തൃശ്ശൂർ |
| 8 | ശ്രീ. സുരേന്ദ്രൻ.കെ. | ജി.എച്ച്.എസ്.എസ്., ഉദിനൂർ, കണ്ണൂർ |
| 9 | ശ്രീ. സജിത്ത്.കെ. | ജി.എച്ച്.എസ്.എസ്., പാട്യം, കണ്ണൂർ |
| 10 | ശ്രീ. ബാബു. എൻ.കെ. | ജി.എച്ച്.എസ്.എസ്., ഉദുമ, കാസറഗോഡ് |
| 11 | ശ്രീ. പ്രവീണ് കുമാർ | ജി.എച്ച്.എസ്.എസ്., അങ്ങാടിമൊഗാർ, കുമ്പള, |

| ക്രമ നം. | പേര് | എയ്ഡഡ് സ്കൂൾ വിലാസം |
|---|---|---|
| 12 | ശ്രീ. എ.ബൈജു | എസ്.എൻ.ട്രസ്റ്റ് എച്ച്.എസ്.എസ്., നാട്ടിക, തൃശ്ശൂർ |
| 13 | ശ്രീ. ലിവിൻ പോൾ വി.അറയ്ക്കൽ | കല്ലടി എച്ച്.എസ്.എസ്., കുമരംപുത്തൂർ, പാലക്കാട് |
| 14 | ശ്രീ. സേവിയോ അഗസ്റ്റിൻ | എസ്.കെ.എം.ജെ.എച്ച്.എസ്.എസ്., കല്പറ്റ, വയനാട് |

മാസ്റ്റർ ട്രെയിനർമാരായി നിയോഗിക്കുന്ന എയ്ഡഡ് സ്കൂൾ ഹയർ സെക്കൻഡറി അധ്യാപകരെ ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ നിരാക്ഷേപസാക്ഷ്യപത്രം ലഭ്യമാക്കി ഉത്തരവിനു വിധേയമായി വിടുതൽ ചെയ്യേണ്ടതും ആയത് സംബന്ധിച്ച വിവരം അതാത് ബന്ധപ്പെട്ട മേഖലാ ഉപഡയറക്ടർമാരെ അറിയിക്കേണ്ടതുമാണ്.

മാസ്റ്റർ ട്രെയിനർമാരായി നിയോഗിക്കുന്ന ഈ ലിസ്റ്റിലുള്ള അധ്യാപകർക്കുപകരം അവരുടെ സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ യോഗ്യരായ ഗസ്റ്റ് അധ്യാപകരെ നിയമിക്കാൻ പ്രിൻസിപ്പാളിന് നിർദ്ദേശം നൽകി ഉത്തരവാകുന്നു. ഗസ്റ്റ് അധ്യാപകരുടെ ശമ്പളം കൈറ്റിൽ നിന്നും വഹിക്കേണ്ടതാണ്. ഇവരുടെ ശമ്പളം മാറി നൽകുന്നതിനുള്ള നടപടി പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ടതാണ്.

**ഒപ്പ്/-**

**പി.കെ.സുധീർബാബു ഐഎഎസ്**

**ഡയറക്ടർ**

**പകർപ്പ്**

1. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, DHSE
3. ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാ അധ്യാപകർക്കും പ്രിൻസിപ്പാൾമാർക്കും
4. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
5. എ.ജി. (എ&ഇ), തിരുവനന്തപുരം
6. ബന്ധപ്പെട്ട ഡി.ടി.ഒ./എസ്.ടി.ഒ.
7. കരുതൽ ഫയൽ/അധികം

*അംഗീകാരത്തോടെ*

Reghnam

*സൂപ്രണ്ട്*